# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8073** **17/07/2014-ൽ മറുപടിക്ക്**

## ആർ.സി.സി.യിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ വികസനത്തിനും നടത്തിപ്പിനുമായി ഈ സർക്കാർ 2013-14 വർഷത്തിൽ എത്ര തുകയാണ് നീക്കി വച്ചിരുന്നത് ; അതിൽ എത്ര ചെലവഴിച്ച ; അതുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി ; വിശദാംശം ലഭ്യമാക്കാമോ ? | (എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻററിൻെറ വികസനത്തിനും നടത്തിപ്പിനുമായി ഈ സർക്കാർ 2013-2014 വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 26.64 കോടി രൂപയും പദ്ധതി ഇനത്തിൽ 42.17 കോടി രൂപയും നീക്കിവച്ചിരുന്നു. പദ്ധതിയേതര ഇനത്തിൽ ജീവനക്കാരുടെ ശംപളത്തിന് അനുവദിച്ച 22.50 കോടി രൂപയും ആർ.സി.സി.യിലെ രോഗികൾക്കു് മരുന്നും, റീഏജൻറുകളും വാങ്ങുന്നതിന് അനുവദിച്ച 4.14 കോടി രൂപയും പൂർണ്ണണമായും ചെലവഴിച്ചു.<br>പദ്ധതി ഇനത്തിൽ ബജററിൽ നീക്കിവച്ചിരുന്ന 42.17 കോടി രൂപ പൂർണ്ണണമായും ആർ.സി.സി.യുടെ ട്രഷറി അക്കൗണ്ടിലേക്കു് ട്രാൻസ്ഫർ ക്രെഡിററ് ചെയ്തിട്ടുണ്ടു്.<br>പ്രധാനമായും ഏഴിനങ്ങളിലായാണു് പദ്ധതി തുക അനുവദിച്ചതു്.<br>1. സ്ത്രീകളിലെ ക്യാൻസർ ചികിൽസക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ.<br>2. കുട്ടികളിലുണ്ടാകുന്ന ക്യാൻസർ ചികിൽസക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്.<br>3. പുകയിലയുടെ ഉപയോഗം മൂലമുണ്ടാകുന്ന ക്യാൻസർ ചികിൽസാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു്.<br>4. പൊതുവായ ക്യാൻസറുകൾ ചികിൽസിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു്.<br>5. ഗവേഷണ പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു്.<br>6. ന്യൂക്ളിയർ മെഡിസിൻ സെൻറർ സ്ഥാപിക്കുന്നതിനു്.<br>7. ഭൗതിക സൗകര്യവികസനത്തിനു്.<br><br>ഇപ്പോൾ പണിപൂർത്തിയായികൊണ്ടിരിക്കുന്ന 10 നില കെട്ടിടത്തിനുപുറമെ മെഡിക്കൽ കോളേജിൽ നിന്നു് ലഭിച്ച സ്ഥലത്ത് ഒരു പുതിയ കെട്ടിടം കൂടി |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനു് മുന്നോടിയായി അനുവദിച്ച സ്ഥലത്ത് നിൽക്കുന്ന മെഡിക്കൽ കോളേജ് വക ക്വാർട്ടേഴ്സുകൾ പൊളിച്ചുമാററി സൈററ്ലെവലിംഗ് നടത്തി ഫെൻസിംഗ്, വാട്ടർ ലൈൻ റീറൂട്ടിംഗ് എന്നിവയുടെ പണികൾക്കു് കരാർ നടപടികൾ പൂർത്തിയാക്കി. പുതുതായി ഒരു സെൻട്രൽ സ്റ്റെറിലൈസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ആധുനികരീതിയിലുള്ള എൻഡോസ്കോപ്പി, മൈനർ ഒ.പി. എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നു. ഔട്ട്പേഷ്യൻറു സൗകര്യങ്ങൾ ആധുനീകരിക്കുക, വ്യത്യസ്ത വിഭാഗംരോഗികൾക്കു് സർജിക്കൽ ഐ.സി.യു. സ്ഥാപിക്കുക, ഉന്നതനിലവാരമുള്ള തിയേററർ ഉപകരണങ്ങൾ സംഭരിക്കുക, ആധുനിക രീതിയിൽ കീമോതെറാപ്പി വാർഡുകൾ സജ്ജീകരിക്കുക, ബ്ളഡ് ബാങ്കിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പാലിയേററീവ് കെയർ സൗകര്യങ്ങൾ നവീകരിക്കുക തുടങ്ങിയവക്കും പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.<br><br>പുതിയ ഐ.സി.യു.ബെഡുകൾ, തിയേററർ ടേബിൾ, ഹൈവോൾട്ടേജ് ഡിജിററൽ റേഡിയോഗ്രാഫി സിസ്ററം, അഫാറിസിസ് മെഷീൻ, സ്പെകട് ഗ്യാമ ക്യാമറ, കംപ്യൂട്ടർ ഉപകരണങ്ങൾ, അനസ്തേ്യഷ്യ വർക്കു് സ്റേറഷൻ, റിയൽ ടൈം.പി.സി.ആർ, ടിഷ്യുപ്രോസസസർ, മൾട്ടി പാരാമീററർ മോണിററർ എന്നിവ വാങ്ങുന്നതിനു് ഗ്ളോബൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ